# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **438** — 28.06.2013- ലെ മറുപടിയ്ക്ക്

## കേന്ദ്ര പദ്ധതികളിലെ സാമ്പത്തിക സ്വാതന്ത്ര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ;<br>ഡോ.ടി.എം. തോമസ് ഐസക്ക്;<br>ശ്രീ.കെ.വി.അബ്ദുൽ ഖാദർ;<br>" ജെയിംസ് മാത്യു; | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര പദ്ധതികൾ നടപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം വേണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നുവോ; വിശദമാക്കാമോ;<br><br>(ബി) ഏതെല്ലാം കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലാണ് പ്രസ്തുത ആവശ്യം ഉന്നയിച്ചിരുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്തായിരുന്നു; | (എ), (ബി) വിവിധ കേന്ദ്രപദ്ധതികളുടെ മാനദണ്ഡങ്ങളിലെ നിബന്ധനകൾ കാരണം കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ പല തടസ്സങ്ങളും നേരിടുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിനനുയോജ്യമായ വ്യവസ്ഥകളോടെ നടപ്പാക്കുന്നതിന് അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും ആസൂത്രണ കമ്മീഷനോടും നിരന്തരം അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, കേന്ദ്ര ആസൂത്രണ കമ്മീഷൻ മെമ്പർ ശ്രീ.ബി.കെ.ചതുർവ്വേദിയോട് ഇതു സംബന്ധിച്ച് രേഖാമൂലം ആവശ്യപ്പെടുകയുണ്ടായി. ഇതിൽ പ്രധാനമായും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ചുവടെ പറയുന്നു:-<br><br>(1).മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചുവടെ സൂചിപ്പിക്കുന്ന നിർമ്മാണ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.<br><br>എ) തീരദേശങ്ങളെ ആസ്പദമാക്കിയുള്ള ജീവനോപാധി, പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കൽ.<br><br>ബി) മാനുഷിക വികസനത്തിനുള്ള പുതിയ പ്രവൃത്തികൾ (കുടിവെള്ളം, വൈദ്യുതി, ശുചിത്വം, മുതലായവ)<br><br>(സി) മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br><br>ഡി)കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br><br>ഇ) വനം മേഖല<br><br>എഫ്) സേവന മേഖലകളിലെ പണികൾ എന്നിവ. |

(2) പി.എം.ജി.എസ്.വൈ.പദ്ധതി നടപ്പിലാക്കുമ്പോൾ കേരളത്തിന് അനുയോജ്യമായ മാനദണ്ഡം പുതുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(3) ജവഹർലാൽ നെഹ്റു ദേശീയ നഗര വികസന പദ്ധതി (ജെ.എൻ.യു.ആർ.എം) നടപ്പിലാക്കുമ്പോൾ അനുമതി ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്. പദ്ധതി നിർദ്ദേശങ്ങൾക്ക് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിന് അനുവാദം അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (എൻ.ആർ.എച്ച്.എം.) പദ്ധതി കേരളത്തിൽ നടപ്പിലാക്കുമ്പോൾ വയോജനങ്ങളുടെ ആരോഗ്യം അവരുടെ പരിപാലനം എന്നിവ കൂടി ഉൾപ്പെടുത്തണം.

(5) സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) പദ്ധതി കേരളത്തിൽ നടപ്പാക്കുമ്പോൾ എയ്ഡഡ് സ്ക്കൂളുകളെ ഇതിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(6) ഇന്ദിരാ ആവാസ് (ഐ.എ.വൈ) ഭവന പദ്ധതി കേരളത്തിന്റെ ഭൂമി ശാസ്ത്രപരമായ കിടപ്പിന്റെ അടിസ്ഥാനത്തിൽ ധനസഹായ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇതിനകം സാമ്പത്തിക സ്വാതന്ത്ര്യം ലഭിച്ച കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ്; ഏതെല്ലാം നിലയിലുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ?

(സി) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**